# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

---

വിഷയം:- ആവഡ- ഡോ .റെൻസി സൈമൺ ,അസിസ്റ്റന്റ് ഡെന്റൽ സർജൻ ബഹു.കേരള അഡ്മിനിസ്ട്രറ്റീവ് ട്രിബ്യൂണൽ , എറണാകുളം മുൻപാകെ ഫയൽ ചെയ്ത OA(EKM) 547/2026 നമ്പർ കേസിന്മേലുള്ള 11/6/2026 തീയതിയിലെ ഉത്തരവ് അനുപാലിച്ച്കൊണ്ട് ഉത്തരവ് -പുറപ്പെടുവിക്കുന്നു

പരാമർശം:- 1. ഒ.എ (ഇ.കെ.എം ) 547/2026 നമ്പർ കേസിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രറ്റീവ് ട്രിബ്യൂണലിന്റെ 11/6/2026 തീയതിയിലെ ഉത്തരവ്

2. 12/6/2026 തീയതിയിൽ ഡോ .റെൻസി സൈമൺ സർക്കാരിൽ സമർപ്പിച്ച അപേക്ഷ

**ഉത്തരവ് നം: ആവഡ/ 10401/2026/ഇ.ബി 4 തീയതി: 29-06-2026**

---

എറണാകുളം ജില്ലയിലെ സി.എച്ച്.സി. മുളന്തുരുത്തിയിലെ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിൽ 01/5/2026 മുതൽ നിലവിൽ വന്ന ഒഴിവിലേക്കുള്ള സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് പെരുമ്പാവൂർ താലൂക്കാശുപത്രിയിൽ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ .റെൻസി സൈമൺ OA(EKM) 547/2026 നമ്പർ ഫയൽ ചെയ്തിരിക്കുന്നു .

പരാമർശം (1) പ്രകാരമുള്ള ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഇടക്കാല ഉത്തരവിൽ, അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിലേക്കുള്ള 2026-ലെ ജനറൽ ട്രാൻസ്ഫറിന്റെ കരട് പട്ടിക അന്തിമമാക്കുന്നതിന് മുമ്പ് അപേക്ഷകയുടെ കേസ് പരിഗണിക്കാനും കൂടാതെ, സി.എച്ച്.സി. മുളന്തുരുത്തിയിലേക്കുള്ള നിയമനത്തിനായി കരട് പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന ഡോ. പ്രിയമോൾ എം.ജിയുടെയും അപേക്ഷകയുടെയും അർഹത (Relative Merit) പരിശോധിച്ച് തീരുമാനമെടുക്കണമെന്നും ട്രിബ്യൂണൽ നിഷ്കർഷിച്ചിരുന്നു .

2026-ലെ ജനറൽ ട്രാൻസ്ഫറിനായി സി.എച്ച്.സി. മുളന്തുരുത്തിയിലെ ഒഴിവിലേക്ക് ആകെ ഒൻപത് അസിസ്റ്റന്റ് ഡെന്റൽ സർജൻമാർ അപേക്ഷ സമർപ്പിച്ചിരുന്നു .പ്രസ്തുത മെഡിക്കൽ ഓഫീസർമാരിൽ 29.07.2022 മുതൽ ഇടുക്കി ജില്ലയിൽ സേവനമനുഷ്ഠിച്ചു വരുന്ന ഡോ. പ്രിയമോൾ എം.ജിയെ ആണ് എറണാകുളം ജില്ലയിലെ സി.എച്ച്.സി. മുളന്തുരുത്തിയിലെ അസിസ്റ്റന്റ് ഡെന്റൽ സർജൻ തസ്തികയിലെ ഒഴിവിലേക്ക് പരിഗണിച്ച് കരട് പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിരുന്നത് .

ഡോ. പ്രിയമോൾ എം.ജി. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥയാണ്. കൂടാതെ, ടി യാൾ ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്ക് ആശുപത്രിയിൽ മൂന്നര വർഷമായി സേവനം അനുഷ്ഠിച്ചുവരുന്നു. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ 22/01/2026 തീയതിയിലെ സ .ഉ (കൈ ) നം. 6/2026 നമ്പർ ഉത്തരവ് പ്രകാരം കാസർഗോഡ് ,ഇടുക്കി ,വയനാട് ജില്ലകളിലെ സേവനം സ്ഥലംമാറ്റത്തിന് പരിഗണിക്കുമ്പോൾ ടി ജില്ലകളിലെ ഒരു വർഷത്തെ സേവനം മറ്റ് ജില്ലകളിലെ രണ്ട് വർഷത്തെ സേവനത്തിന് തുല്യമായി കണക്കാക്കേണ്ടതാണ്. ആയതിനാൽ, ഡോ. പ്രിയമോൾ എം.ജി യുടെ ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്ക് ആശുപത്രിയിലെ മൂന്നര വർഷത്തെ സേവനം സ്ഥലംമാറ്റത്തിന് പരിഗണിക്കുമ്പോൾ ഏഴ് വർഷത്തെ സേവനത്തിന് തുല്യമായി കണക്കാക്കപ്പെടുന്നു. പ്രസ്തുത സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരമുള്ള സ്റ്റേഷൻ സീനിയോറിറ്റിയും ബാധകമായ

സംരക്ഷണവും പരിഗണിച്ചാണ് ഡോ. പ്രിയമോൾ എം.ജി യെ സി.എച്ച്.സി. മുളന്തുരുത്തിയിലേക്ക് പരിഗണിച്ചത് .

നിലവിലെ അപേക്ഷയിൽ, അപേക്ഷക ശാരീരികവും മാനസികവുമായ ആരോഗ്യപ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിലും, അതിനെ സാധൂകരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റോ മറ്റ് രേഖാമൂലമുള്ള തെളിവുകളോ ഹാജരാക്കിയിട്ടില്ല. അതിനാൽ, ആരോഗ്യപരമായ കാരണങ്ങൾ മാത്രം അടിസ്ഥാനമാക്കി സ്ഥലംമാറ്റം അനുവദിക്കുവാൻ നിർവാഹമില്ല.

മേൽ സാഹചര്യത്തിൽ സി.എച്ച്.സി. മുളന്തുരുത്തിയിലേക്കുള്ള സ്ഥലംമാറ്റത്തിനായുള്ള ഡോ .റെൻസി സൈമൺ- ന്റെ അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു .

ബഹു . കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ oA(EKM) 547/2026 നമ്പർ കേസിന്മേലുള്ള **11/6/2026** തീയതിയിലെ ഉത്തരവ് മേൽ പ്രകാരം അനുപാലനം ചെയ്തിരിക്കുന്നു .

Digitally signed by
Meenakshy V
Date: 29-06-2026
16:44:24

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:-

ഡോ .റെൻസി സൈമൺ, അസിസ്റ്റന്റ് ഡെന്റൽ സർജൻ ,
താലൂക്കാസ്ഥാന ആശുപത്രി ,പെരുമ്പാവൂർ

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ ,എറണാകുളം (ആമുഖ കത്ത് സഹിതം )
2. അഡിഷണൽ ചീഫ് സെക്രട്ടറി ,ആരോഗ്യ കുടുംബ ക്ഷേമ (എ ) വകുപ്പ്